“സത്യമേവ ജയതേ”

കോൺഗ്രസ്സിന്റെ ദുഃഖവെള്ളിയാഴ്ച

കേരളത്തിൽ കോൺഗ്രസ്സിന്റെ “‘വിമോചനസമര’മാരംഭിക്കുന്നതു്” ജൂൺ 12-ാം തീയതി വെള്ളിയാഴ്ചയാണു്. കേരള നിയമസഭ കാർഷികബന്ധബിൽ പാസ്സാക്കിയതിന്റെ രണ്ടാം ദിവസം.

ഇന്ത്യയിലാദ്യമായിട്ടാണു് ഇത്ര സമഗ്രമായ ഒരു കാർഷികനിയമം നിർമ്മിക്കപ്പെടുന്നതു്. അജ്ഞാനികളായ കൃഷിക്കാരനു് കൃഷിഭൂമി സ്വന്തമാവുന്നു. പരിധി നിർണ്ണയിക്കപ്പെടുന്നു. മിച്ചഭൂമി കാർഷികത്തൊഴിലാളികൾക്കു ലഭിക്കുന്നു. കുടികിടപ്പുകാർക്കു സ്ഥിരാവകാശം കിട്ടുന്നു. അങ്ങിനെ പലതുകൊണ്ടും ചരിത്രപ്രധാനമായ ഈ ബിൽ, നിയമസഭയിൽ മൂന്നാം വായന കഴിഞ്ഞു പാസ്സായി എന്നറിഞ്ഞപ്പോൾ കേരളത്തിന്റെ നാനാഭാഗങ്ങളിലും ഹർഷാരവങ്ങൾ ഉയർന്നു. കൃഷിക്കാർ ആർത്തുവിളിച്ചു. കാർഷികത്തൊഴിലാളികൾ നൃത്തം വെച്ചു. നാടിന്റെ നന്മയിൽ താല്പര്യമുള്ളവരെല്ലാം ആഹ്ലാദിച്ചു.

പക്ഷെ, കേരളത്തിലെ കോൺഗ്രസ്സിന്നതിൽ പങ്കുകൊള്ളാൻ കഴിഞ്ഞില്ല. ജനഹിതത്തിന്റെ കടപുഴക്കിയെറിയുന്ന ആ ബില്ലിനെ അവർ അമർഷത്തോടെ തുറിച്ചുനോക്കുന്നതായി തോന്നി. ബിൽ പാസ്സായതിന്റെ രണ്ടാം ദിവസം അവർ ‘വിമോചനദിന’മാചരിച്ചു. ആ വെള്ളിയാഴ്ച, അവർക്കൊരു ദുഃഖവെള്ളിയാഴ്ചയായിരുന്നു. അവർ കറുപ്പുകൊടികൾ കെട്ടി. ഈ ബിൽ പാസ്സാക്കാൻ മുൻകയ്യെടുത്തു പ്രവർത്തിച്ച മന്ത്രിസഭ രാജിവെക്കണമെന്നാവശ്യപ്പെട്ടു.

എത്ര വിചിത്രമായ വൈപരീത്യം! കാർഷികപരിഷ്കാരം നടപ്പാക്കണമെന്നു നാഗപ്പൂരിൽവെച്ചു പ്രമേയം പാസ്സാക്കി കാർഷികപരിഷ്കാരം നടപ്പാക്കുന്ന മന്ത്രിസഭ രാജിവെക്കണമെന്നു കേരളത്തിൽ നിന്നാവശ്യപ്പെടുക!

‘മാതൃഭൂമി’ വായനക്കാർക്കുവേണ്ടി

അയല്പക്കക്കാരോടുള്ള വിരോധം നിമിത്തം തന്റെ വളർത്തുകോഴിയെയും കൊണ്ടു് ‘പുറപ്പെട്ടുപോയ’ ഒരു മുത്തശ്ശിയുടെ കഥ പറഞ്ഞുകേട്ടിട്ടുണ്ടു്. തന്റെ കോഴി കൂവുന്നതുകൊണ്ടാണു് അന്നാട്ടിൽ നേരം വെളുക്കുന്നതെന്നായിരുന്നു മുത്തശ്ശിയുടെ വിശ്വാസം. അതിനാൽ എതിരാളികളായ അയല്പക്കക്കാരെ തോല്പിക്കാൻ വേണ്ടി അവർ കോഴിയെയും കൊണ്ടു നാടുവിട്ടു. അയല്പക്കക്കാരെല്ലാം ഇരുട്ടിൽ കഴിയട്ടെ എന്നവർ ശപിക്കുകയും ചെയ്തു.

ജൂൺ 7-ാം തീയതിയിലെ ‘മാതൃഭൂമി’ വായിച്ചപ്പോൾ ഈ മുത്തശ്ശിക്കഥയാണോർമ്മവന്നതു്. കേരളത്തിലെ കോൺഗ്രസ്സുകാരെക്കുറിച്ചുള്ള പണ്ഡിറ്റു് നെഹ്റുവിന്റെ അഭിപ്രായം ‘മാതൃഭൂമി’ പൂഴ്ത്തിയാൽ അതാരുമറിയില്ലെന്നാണവർ വിശ്വസിച്ചതെന്നു തോന്നുന്നു. കേരളത്തിലെ സ്ഥിതിഗതികളെപ്പറ്റി കോയമ്പത്തൂരിൽവെച്ചു ഈയിടെ നെഹ്റു ചെയ്ത പ്രസ്താവന പലതുകൊണ്ടും പ്രധാനപ്പെട്ടതാണു്. കേരളത്തിലെ ഇന്നത്തെ കുഴപ്പങ്ങളിൽ ഒരു പ്രധാന പങ്കു വഹിക്കുന്ന കേരളകോൺഗ്രസ്സുകാരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു പ്രത്യേക ഖണ്ഡികയുണ്ടതിൽ. ഇന്ത്യയിലെ പല പത്രങ്ങളും വള്ളിപുള്ളി വ്യത്യാസംകൂടാതെ അതു പ്രസിദ്ധീകരിച്ചു. പക്ഷെ പത്രപ്രവർത്തനത്തിലെ സത്യസന്ധതയെപ്പറ്റി ഇടക്കിടെ ധർമ്മോപദേശം ചെയ്യാറുള്ള ‘മാതൃഭൂമി’യിൽ ആ ഭാഗം മാത്രം കണ്ടില്ല. കമ്മ്യൂണിസ്റ്റുകാരോടുള്ള വിരോധംകൊണ്ടാണെന്നു തോന്നുന്നു, “മാതൃഭൂമി” അതു പ്രസിദ്ധീകരിച്ചില്ല. മാതൃഭൂമിയുടെ സത്യസന്ധതയിൽ വിശ്വസിച്ചു് അന്നു മറ്റുപത്രങ്ങൾ വായിക്കാൻ വിട്ടുപോയ വായനക്കാർക്കുവേണ്ടി അതിവിടെ പകർത്താം:

> “കേരളത്തിലെ എല്ലാവരോടും എനിക്കഭ്യർത്ഥിക്കാനുണ്ടു്. അതോടൊപ്പം എനിക്കു് കോൺഗ്രസ്സിലെ അംഗങ്ങളോടും കോൺഗ്രസ്സിന്റെ സുഹൃത്തുക്കളോടും പ്രത്യേകം അഭ്യർത്ഥിക്കാനുണ്ടു്. ഒരുപക്ഷെ എനിക്കവരോടു സംസാരിക്കുവാൻ കൂടുതൽ അവകാശമുണ്ടെന്നു ഞാൻ കരുതുന്നു. കോൺഗ്രസ്സു് മുൻകാലങ്ങളിൽ അഭിവൃദ്ധിപ്പെട്ടതു്, അതു ചില മൗലികതത്വങ്ങളിൽ അടിയുറച്ചു നിന്നതുകൊണ്ടാണു്. ഈ മൗലികതത്വങ്ങളിൽ എവിടെയെല്ലാം വിട്ടുവീഴ്ച ചെയ്തിട്ടുണ്ടോ അവിടെയെല്ലാം നഷ്ടം സംഭവിച്ചിട്ടുണ്ടു്. ഈ മൗലികതത്വങ്ങൾ, അക്രമരാഹിത്യവും സമാധാന മാർഗ്ഗങ്ങളുമായും ബന്ധിക്കപ്പെട്ടിട്ടുള്ളവയാണു്. അവ സാമുദായികവാദത്തെയും വർഗ്ഗീയതയെയും എതിർക്കുന്നു. അതിനാൽ പ്രത്യക്ഷമായോ പരോക്ഷമായോ അക്രമത്തെ പ്രോത്സാഹിപ്പിക്കുകയോ, സാമുദായികവാദത്തെയും വർഗ്ഗീയതയെയും സഹായിക്കുകയോ ചെയ്യുന്ന യാതൊരു പ്രവർത്തനവും പൊറുക്കാവുന്നതല്ല. കോൺഗ്രസ്സിന്റെ ചിരകാലപ്രതിഷ്ഠിതമായ നയങ്ങളെയും ലക്ഷ്യത്തെയും മുന്നോട്ടുനയിക്കത്തക്കവിധത്തിലുള്ള സമാധാനപരമായ മാർഗ്ഗങ്ങൾക്കും സമീപനരീതികൾക്കും വേണ്ടി കോൺഗ്രസ്സുകാർ പ്രവർത്തിക്കേണ്ടിയിരിക്കുന്നു: പ്രകോപനങ്ങളെന്തുണ്ടായാലും അവരതു ചെയ്യണം.”

കേരളത്തിലെ ഇന്നത്തെ സ്ഥിതിയിൽ, ഏറ്റവുമധികം അർത്ഥഗർഭവും സൂചനാത്മകവുമായ ഒരു ഭാഗമാണിതു്. ഇവിടെ വിധ്വംസകപ്രവർത്തനത്തിൽ വ്യാപൃതരായിക്കാണുന്ന കോൺഗ്രസ്സുകാരുടെ നേരെ നെഹ്റു വിരൽ ചൂണ്ടുകയാണു്. അക്രമപ്രവർത്തനങ്ങളിൽനിന്നു് പിന്തിരിയാൻ അദ്ദേഹം പരോക്ഷമായി ഉപദേശിക്കുകയാണു്.

പക്ഷെ, പല കോൺഗ്രസ്സുകാർക്കുമെന്നപോലെ “മാതൃഭൂമി”ക്കുമതു് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് നെഹ്റുവിന്റെ അഭിപ്രായത്തെപ്പോലും കുഴിച്ചുമൂടാൻ “മാതൃഭൂമി” മടിച്ചില്ല. ഇതു കഴിഞ്ഞ ആഴ്ചയിലെ ഒരു അനുഭവം മാത്രം. ഇങ്ങിനെ എത്രയെത്ര അനുഭവങ്ങൾ!

ശങ്കറും സംവരണവും

“സംവരണത്തിന്നെതിരായി പ്രക്ഷോഭണം നടത്തുകയില്ലെന്നു് ശ്രീ. മന്നം ഉറപ്പു നൽകിയിട്ടുണ്ടോ” എന്നു് “വിമോചനസമര”ത്തിലെ സേനാനായകരിൽ ഒരാളായ ശ്രീ. ആർ. ശങ്കറോടു് ഈയിടെ “കേരള കൗമുദി” ലേഖകൻ ചോദിക്കുകയുണ്ടായി. അതിന്നുള്ള ഉത്തരമിതായിരുന്നു: “സംവരണം ആവശ്യപ്പെടാനവകാശമുള്ളതുപോലെതന്നെ അതിനെ എതിർക്കാനും അവകാശമുണ്ടു്”.

“സ്കൂളടയ്ക്കാനവകാശമുള്ളതുപോലെതന്നെ സ്കൂളടപ്പിനെ എതിർക്കാനും അവകാശമുണ്ടു്” എന്നു വേറൊരു നേതാവു് ഈയിടെ പറഞ്ഞതാണോർമ്മവരുന്നതു്. ഈ നിലക്കു് മോഷ്ടിക്കാനവകാശമുള്ളതുപോലെതന്നെ മോഷണത്തെ എതിർക്കാ

പ്രക്ഷോഭണം—അവിടേയും ഇവിടേയും

കേന്ദ്രമന്ത്രിസഭയിലെ ഗതാഗതവകുപ്പ് മന്ത്രിയും കോൺഗ്രസ്സ് നേതാവുമായ ശ്രീ. എസ്സ്. കെ. പാട്ടീൽ ജൂൺ 6-ാം തിയതി ബോംബെയിൽവെച്ചിങ്ങിനെ പ്രസ്താവിച്ചു:

> *യാതൊരു പ്രശ്നവും പരിഹരിക്കുന്നതിന് പ്രക്ഷോഭണപരമായ സമീപനം കൈക്കൊള്ളരുത്. ജനങ്ങളുടെ കഴിവു മുഴുവൻ ഒരു ക്ഷേമരാഷ്ട്രം പടുത്തുയർത്തുന്നതിന്നുവേണ്ടി ഉപയോഗപ്പെടുത്തണം. ഭക്ഷണം, തൊഴിലില്ലായ്മ തുടങ്ങിയ സുപ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദേശീയൈക്യം ആവശ്യമായിരിക്കുന്ന ഒരു സന്ദർഭത്തിൽ നിസ്സാരതർക്കങ്ങളിൽ ജനങ്ങൾ തങ്ങളുടെ കഴിവുകളെ ദുർവ്വിനിയോഗം ചെയ്യുന്നതു നിർഭാഗ്യകരമാണ്."(ടൈംസ് ഓഫ് ഇന്ത്യ)

അഖിലേന്ത്യാകോൺഗ്രസ്സിന്റെ സംസ്ഥാനഘടകമായ കേരളകോൺഗ്രസ്സിന്റെ പ്രസിഡണ്ട്, ഇവിടത്തെ ഗവർമ്മെണ്ടിന്നെതിരായി തങ്ങൾ നടത്തിവന്ന സമരത്തെപ്പറ്റി ഇങ്ങിനെ പ്രസ്താവിച്ചു:

> *ഭരണഘടനാപരമായ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഒരു പ്രക്ഷോഭണമല്ല ഇത്. വേണ്ടിവന്നാൽ അതിന്നപ്പുറത്തുള്ള പരിപാടികളും സ്വീകരിച്ചെന്നു വരും.......................ഗവർമ്മെണ്ടുമായി നിസ്സഹകരിക്കുകയെന്നതാണ് പ്രക്ഷോഭണത്തിന്റെ ഒരു സ്വഭാവം. നിയമനിർമ്മാണ കാര്യങ്ങളിൽ പോലും നിസ്സഹകരിക്കുന്ന കാര്യം ഞങ്ങൾ ആലോചിക്കുന്നുണ്ട്."
>
> [കേരളകൌമുദി ജൂൺ 6]

നും അവകാശമുണ്ടെന്ന് പറയേണ്ടിവരും. വ്യഭിചാരത്തെ എതിർക്കാനെന്നപോലെ വ്യഭിചരിക്കാനും അവകാശമുണ്ടെന്ന് പറയേണ്ടിവരും.

ഇങ്ങിനെ ഇവർക്ക് യുക്തിഹീനമായ ഒരു വാദഗതി ഉന്നയിക്കേണ്ടിവന്നതെന്തുകൊണ്ടാണ്? യുക്തിസഹമായ ഒരു വാദഗതി ഇല്ലാത്തതുകൊണ്ടുതന്നെ.

സംവരണത്തിന്നെതിരായി പ്രക്ഷോഭമാരംഭിച്ച ശ്രീ. മന്നത്തു പത്മനാഭൻ, ഇനി പ്രക്ഷോഭമുപേക്ഷിക്കാൻ തയ്യാറുണ്ടോ എന്ന ചോദിച്ചാൽ, ഒന്നുകിൽ തയ്യാറാണെന്നോ, അല്ലെങ്കിൽ തയ്യാറല്ലെന്നോ ഖണ്ഡിതമായി ഉത്തരം പറയണം. പക്ഷേ ശങ്കർക്കതു കഴിഞ്ഞില്ല. കാരണം, സംവരണപ്രക്ഷോഭമുപേക്ഷിക്കാമെന്നതിന് മന്നത്തു പത്മനാഭൻ യാതൊരുറപ്പും നൽകിയിട്ടില്ല

അങ്ങിനെയിരിക്കെ, പിന്നോക്കസമുദായത്തിൽപെട്ട ശങ്കരെപ്പോലെയുള്ള ഒരു നേതാവ്, സംവരണവിരോധിയായ മന്നത്തുമായി കൂട്ടുചേർന്നു പടപ്പുറപ്പെടുന്നതെന്തുകൊണ്ടാണെന്ന് ചിലർ സംശയിക്കുന്നുണ്ടാവും. ശങ്കരെ അറിയാത്ത ശുദ്ധഗതിക്കാരാണവർ. ശങ്കർ പിന്നോക്കസമുദായത്തിൽപ്പെട്ട ആളാണെന്നതു ശരിതന്നെ. പിന്നോക്കസമുദായങ്ങൾക്കു സംവരണം നിലനിർത്തണമെന്ന് ദീർഘകാലമായി വാദിച്ചുപോന്നിട്ടുള്ള എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ശമ്പളം പററിക്കൊണ്ടു നേതാവായിരുന്നിട്ടുള്ള ആളാണെന്നതും ശരിതന്നെ. പക്ഷേ ശങ്കർ അന്നും ഇന്നും സംവരണവിരോധിയായിരുന്നു. എസ്സ്. എൻ. ഡി. പി. നേതാവായിരിക്കവെ തന്നെ ശങ്കർ സംവരണവ്യവസ്ഥയെ എതിർത്തിട്ടുണ്ട്. ഞാൻ പറയുന്നതിൽ വിശ്വാസമില്ലെങ്കിൽ ശ്രീ. സി. കേശവനേയും കെ. അയ്യപ്പനേയും സാക്ഷിനിർത്തിത്തരാം. ശങ്കരുടെ സംവരണവിരോധനടപടിയെ സംബന്ധിച്ച് ഒമ്പതു സംവത്സരങ്ങൾക്കു മുമ്പ് അവർ സംയുക്തമായി പുറപ്പെടുവിച്ച പ്രസ്താവന പകർത്തിത്തരാം:

*[illegible] റൽ സിക്ര[illegible]) ഇ[illegible] പബ്ലിക്ക് സർവ്വീസിൽ റിസർവ്വേഷൻ ആവശ്യമില്ലെന്നും ഭരണഘടനാപ്രകാരം സാദ്ധ്യമല്ലെന്നും ഒരു എസ്സ്. എൻ. ഡി. പി. യൂണിയൻ വാർഷികത്തിൽവെച്ച് പ്രസംഗിക്കുകയുണ്ടായി. ...അത് യോഗത്തിന്റെയും സമുദായത്തിന്റെയും അഭിപ്രായമല്ല.....യോഗം പ്രസിഡണ്ട് റിസർവ്വേഷൻ സമുദായത്തിന് ആവശ്യമാണെന്ന് ഒരു പ്രസ്താവന പുറപ്പെടുവിച്ചത് അവസരോചിതമായിട്ടുണ്ട്. അതു കണ്ടിട്ടും സെക്രട്ടറി തന്റെ പ്രസ്താവനയുടെ ഉദ്ദേശം വിശദമാക്കുകയോ അതിനെ തിരുത്തുകയോ ചെയ്തിട്ടില്ല.....ജാതി ഇല്ലാതാക്കണമെന്നും അതോടൊപ്പം റിസർവ്വേഷൻ വേണമെന്ന് വാദിക്കുന്നതും ആദർശത്തിന് വലിയ കുഴപ്പമായി തോ[illegible]. ഇതു ഇപ്പോൾ മാത്രമായ കുഴപ്പം തോന്നലാണ്.....സമുദായപ്രാതിനിധ്യത്തിന്റെ അത്യാവശ്യകതയും അതിന്റെ ബദ്ധവിരോധികളും തമ്മിൽ താൽക്കാലികമായ രാഷ്ട്രീയലക്ഷ്യങ്ങൾവെച്ചു കൂട്ടുകെട്ടുണ്ടാക്കുന്നതിനാലാണ് വാസ്തവത്തിൽ കുഴപ്പം. ആ കൂട്ടുകെട്ടിൽ ആരുടെ പിടിയും താൽപര്യവുമാണ് ഒടുവിൽ പുലരുന്നതു് എന്ന് ജനറൽ സിക്രട്ടറി അകലെയെങ്ങോ കിടക്കുന്ന ലക്ഷ്യത്തിന്റെ പേരും പറഞ്ഞ് ഈഴവരുടെ അടിയന്തിരവും അതിപ്രധാനവുമായ ഒരു താൽപര്യത്തിന്ന് ആകാരകോടാലിയായി നിലയെടുക്കുവാൻ പ്രേരിതനായതിൽനിന്ന് മനസ്സിലാക്കാം. വരാനിരിക്കുന്ന വലിയ വിപത്തുകളുടെ ചെറിയ സൂചന മാത്രമാണിതു്."

(*ദീപം*, 1950 നവം. 8)

അതെ, പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചേടത്തോളം *വലിയ വിപത്തുകളുടെ ചെറിയ സൂചന*യാണ് ഇന്നത്തെ അവിശുദ്ധകൂട്ടുകെട്ടിൽ നാം കാണുന്നതു്. സംവരണവിരോധിയായ മന്നത്തു പത്മനാഭനും സംവരണവിരോധിയായ ശങ്കറും മറെറല്ലാവിരോധികളും കൂടി, സംവരണവ്യവസ്ഥയേയും മറെറല്ലാ പരിഷ്കാരങ്ങളേയും അട്ടിമറിക്കാനാണ് ശ്രമിക്കുന്നതു്. അതിനാൽ വിരോധികൾക്കെതിരായി ജാഗ്രത പാലിക്കുക!

—എ. കെ. തങ്കപ്പൻ